# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അരിമ്പൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSATSR-P1.282/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അരിമ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATSR-P1.282/2023 തീയ്യതി: 01/04/2023

## തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-07-2022 മുതൽ 06-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 07-02-2023 | 16-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2023 | 16-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സീനത്ത് പി എ,ഓഡിറ്റ് ഓഫീസർ
ശ്രീമതിവിദ്യ വിക്രമൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ധന്യ എ സുരേന്ദ്രൻ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക  പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്മിത അജയകുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ സത്യൻ ടി | സെക്രട്ടറി | 01-04-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ലക്ഷ്മി കെ മോഹൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ ദീപക് മേനോൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ ദീപ എൻ ഡി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ ലിജ ജേക്കബ് എം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. ഗോപികൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2021 | 10-12-2021 |
| ഡോ. രാധിക ശ്യാം | വെറ്ററിനറി സർജൻ | 11-12-2021 | 31-03-2022 |
| ശ്രീമതി ഗീത വി ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി ഉഷാകുമാരി വി | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി സൂര്യമോൾ ടി എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 10-07-2021 |
| ശ്രീമതി ലയ എച്ച് | ഐ സി ഡി എസ് സൂപ്പർവൈസർ | 11-07-2021 | 31-03-2022 |
| ശ്രീ. മെജോ പി ജെ | വി ഇ ഒ , എറവ് സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി.ധന്യ എം എസ് | വി ഇ ഒ, മനക്കൊടി സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി. വോൾഗ ജി നായർ | വി ഇ ഒ ,അരിമ്പൂർ സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി മായ കെ ബാബുരാജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 21-02-2022 |
| ശ്രീമതി ഷീല ടി ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 22-02-2022 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ ജോയ്സി ജേക്കബ് എം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ വിൻസൻ സി പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം(റെസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷനുകൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷികകണക്കിലെ അപാകതകൾ | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 12 | വസ്തു നികുതി --ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 13 | വസ്തു നികുതി മുൻകൂർ- തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു | 1-10-3 |
| 14 | വസ്തുനികുതി-സമയബന്ധിതമായ ഡിമാന്റ് എൻട്രി ഇല്ല | 1-10-4 |
| 15 | ലൈബ്രറി സെസ്സ്-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-5 |
| 16 | അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചത്-സബ് വൗച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിക്കുന്നില്ല | 1-10-6 |
| 17 | “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിച്ചത്-രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-10-7 |
| 18 | വരവിനങ്ങളുടെ രജിസ്റ്റർ-മാസാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല | 1-10-8 |
| 19 | വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-10-9 |
| 20 | കുടിശ്ശിക ഇനങ്ങൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-10-10 |
| 21 | Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-11 |
| 22 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-12 |
| 23 | ഡിപ്രിയിസേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല. | 1-10-13 |
| 24 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-10-14 |
| 25 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-15 |

| | | |
|---|---|---|
| 26 | സിഎഫ്സി ഗ്രാന്റ് -ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല | 1-10-16 |
| 27 | പാസ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല | 1-10-17 |
| 28 | റീകൺസീലിയേഷൻ പത്രികയിൽ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല. | 1-10-18 |
| 29 | കാലാവധി കഴിഞ്ഞ ചെക്കുകൾ Liability In Respect Of Stale Cheque" - എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിക്കേണ്ടതാണ്. | 1-10-19 |
| 30 | "Cheques Deposited But Not Credited":ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്തിട്ടില്ല | 1-10-20 |
| 31 | "Directly Debited By Bank" എന്ന ഇനത്തിൽ 110000/- രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്. | 1-10-21 |
| 32 | "Directly Credited By Bank" എന്ന ഇനത്തിൽ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്. | 1-10-22 |
| 33 | Cash Or Cheque Withdrawl ആയി ഉൾപ്പെടുത്തി റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയത് -തുടർ നടപടി സ്വീകരിക്കേണ്ടതാണ്. | 1-10-23 |
| 34 | വായ്പ രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല. | 1-10-24 |
| 35 | Expenditure ശീർഷകത്തിൽ ചേർത്ത Prior Period Income- ചെലവ് തുകയിൽ കണക്കാക്കിയിട്ടില്ല | 1-10-25 |
| 36 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല. | 1-10-26 |
| 37 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് പ്രതിമാസ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-10-27 |
| 38 | Tour Travelling Allowance Advance -9000 രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. | 1-10-28 |
| 39 | വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും മറ്റു സംരംഭക പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കുമുള്ള ലൈസൻസില്ലാതെ പഞ്ചായത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-11 |
| 40 | ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. | 1-12 |
| 41 | തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 1-13 |
| 42 | വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് | 1-14 |
| 43 | റഗുലറൈസേഷനായി നൽകിയ അപേക്ഷകളിൽ തുടർനടപടി സ്വീകരിച്ചില്ല. | 1-15 |
| 44 | ഷോപ്പിങ്ങ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന സപ്ലൈകോ മാവേലി സ്റ്റോർ | 1-16 |

| | | |
|---|---|---|
| | പുതുക്കിയ നിരക്കിൽ വാടക അടവാക്കുകയോ കരാർ വയ്ക്കുകയോ ചെയ്തിട്ടില്ല | |
| 45 | ലൈഫ് ഭവന പദ്ധതി - 100000/-രൂപ അധിക വിഹിതം നൽകി | 1-17 |
| 46 | കന്നുകുട്ടി പരിപാലനം-കാലിതീറ്റ വാങ്ങാതെ ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും വിട്ടുപോകുന്നു | 1-18 |
| 47 | പട്ടികജാതി വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് -ബ്ലോക്ക് പട്ടികജാതി ഓഫീസറിൽ നിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-19 |
| 48 | പൂർത്തീകരണ വിവരം / ആകെ 60000 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-20 |
| 49 | സൂപ്പർ വിഷൻ ചാർജ് അധികം നൽകി | 1-21 |
| 50 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പാക്കിയ പദ്ധതികൾ-മരുന്ന് നാളിതു വരെ ലഭ്യമായിട്ടില്ല. | 1-22 |
| 51 | വനിതകൾക്ക് യോഗപരിശീലനം.-അപാകതകൾ | 1-23 |
| 52 | റോഡു പ്രവൃത്തികൾക്ക് 5% നു പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു. | 1-24 |
| 53 | തൻവർഷം എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല. | 1-25 |
| 54 | കായൽ റോഡ് അവസാന ഭാഗം നിർമ്മാണം-കപാട്ട് ചെയ്ത നിരക്കിനേക്കാൾ അധികം തുക കരാറുകാരന് നൽകി | 1-26 |
| 55 | മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-27 |
| 56 | ആസ്തി രജിസ്റ്റർ കാലികമാക്കൽ-അപാകതകൾ | 1-28 |
| 57 | എൽ.എസ്.ജി.ഡി.ഓഫീസ് അടിസ്ഥാന സൗകര്യവികസനം-രണ്ടാംഘട്ടം | 1-29 |
| 58 | കപാറി മക്ക് ഫില്ലിങ്-തൊഴിലുറപ്പുപദ്ധതി, പ്രൈസ് സോഫ്റ്റവെയർ നിരക്കുകൾ തമ്മിൽ ഗണ്യമായ അന്തരം | 1-30 |
| 59 | കമ്മ്യൂണിറ്റി ടോയ്ലറ്റ് ബ്ലോക്ക് നിര്‍മ്മാണം -പൂര്‍ത്തീകരിച്ചിട്ടില്ല. | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സൂപ്പർ വിഷൻ ചാർജ് അധികം നൽകി | 3-1 |
| 2 | ലൈഫ് ഭവന പദ്ധതി - 100000/-രൂപ അധിക വിഹിതം നൽകി | 3-2 |
| 3 | വനിതകൾക്ക് യോഗപരിശീലനം.പരിശീലകന് അധികതുകനൽകി. | 3-3 |
| 4 | കായൽ റോഡ് അവസാന ഭാഗം നിർമ്മാണം-കപാട്ട് ചെയ്ത നിരക്കിനേക്കാൾ അധികം തുക കരാറുകാരന് നൽകി | 3-4 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് / സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | **തീർപ്പാക്കാൻ** അവശേഷിക്കുന്ന **ഖണ്ഡികകൾ** | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 16.02.2021, തീരുമാനം 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 323663043 | 319492043 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 26.03.2022തീരുമാനം2(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 368782414 | 370089400 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31-7-2022 | 22.07.2022 |

## 1-3 സാമ്പത്തിക വിശകലനം(റെസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 18700627.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 95985315.00 |
| ആകെ | 114685942.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 92968076.00 |
| നീക്കിയിരിപ്പ് | 21717866.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16489042 | 16489042 | 16489042 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7334758 | 7334758 | 7334758 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 9612000 | 9612000 | 8144254 | 1467746 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6276666 | 6276666 | 3729283 | 2547383 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് ഗ്രാന്റ് | 0 | 4201214 | 4201214 | 4204586 | _3372 |
| ടൈഡ് ഗ്രാന്റ് | 0 | 8499496 | 8499496 | 3320674 | 5178822 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പിലാക്കിയ പദ്ധതി തുകയുടെശതമാനം | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|
| 185 | 223608153 | 142 | 61719500 | 27.6% | 76.76% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 13920.75 | 1101697 | 1115617.75 | 1115617.75 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 29166669 | 29166669 | 29166669 | - |

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2995500 | 145 |
| വിധവാ പെൻഷൻ | 24710500 | 1290 |
| വാർദ്ധക്യകാലപെൻഷൻ | 41205600 | 2338 |
| വികലാംഗ പെൻഷൻ | 5956800 | 314 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1557200 | 84 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.02.23 തീയതിയിൽ 3:30 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17451/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്റ്റാന്റിങ്ങ് കമ്മിറ്റികൾ മോണിറ്ററിങ്ങ് കമ്മിറ്റിയായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് സംബന്ധിച്ച മറ്റ പരാമർശങ്ങൾ ഭാഗം – 1 ൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 വാർഷികകണക്കിലെ അപാകതകൾ

2021-22 വർഷത്തെ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു. ഓഡിറ്റ് എൻക്വയറി (നം. 2 തീ. 8.02.23) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

### 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

### 1-10-2 വസ്തു നികുതി --ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി

ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3216261 | 3194939 | 19718 | 7172 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3216261 | 3189371 | 19718 | *7172 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *( 7535/105X100)=7176 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1512415 | 1336110 | 9278 | 170103 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1512415 | 1333034 | 9278 | * 170103 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 178613 /105X100)=170107 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 283536 | 276982 | 7292 |

| | | | |
|---|---|---|---|
| പ്രകാരം | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *287597 | 276251 | **7292 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (269499+32478=301977/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ( 7656 X 100/105)=7291 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 819532 | 149361 | 671881 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 155418 | 147651 | 671904 |
| | ( 2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(133709 +29480=.163189/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(705500/105X100)=671904, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3. "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-3 വസ്തു നികുതി മുൻകൂർ- തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential | 485935 | 508379 |

| | | | |
|---|---|---|---|
| | Building | | |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 58985 | 61845 |

1-10-4 വസ്തുനികുതി-സമയബന്ധിതമായ ഡിമാന്റ് എൻട്രി ഇല്ല

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ 308 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധൂത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധൂത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-10-5 ലൈബ്രറി സെസ്സ്-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 252608 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 251554രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 254313 രൂപയാണ്.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 899304രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 42824 (899304/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 42463-രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

### 1-10-6 അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചത്-സബ് വൗച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിക്കുന്നില്ല

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 50546രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42101275 | 31.3.22 | 489169 |

.2 നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 2 | 42101276 | 31.3.22 | 61377 |

### 1-10-7 "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിച്ചത്-രേഖകൾ സൂക്ഷിച്ചിട്ടില്ല

2020-21 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2021-22 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്യുത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/21 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2021-22ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 485935 | 489169 |
| 2 | 350410104-Advance Collection Of Revenues -Property Tax | 58985 | 61377 |

| | | | |
|---|---|---|---|
| | On Non-Residential Building | | |

## 1-10-8 വരവിനങ്ങളുടെ രജിസ്റ്റർ-മാസാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

2. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

3. വാടക ഡിമാന്റ് രജിസ്റ്റർ

4. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-10-9 വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 600 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 178350 |
| 3 | വാടക | 350410401- Advance Collection Of Revenues-Rent From Buildings | 8100 |
| 4 | ഫീസ് | 350410399- Advance Collection Of Revenues-other Fees | 6450 |

## 1-10-10 കുടിശ്ശിക ഇനങ്ങൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക

കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-10-11 Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഐ-19 പ്രകാരം ,"190000000-Prior Period Income "എന്ന ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | 110063 |
| 190200101-Prior Period IncomeRent From Buildings | -2000 |

### 1-10-12 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-10-13 ഡിപ്രിയിസേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല.

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിയിസേഷൻ, അക്യുമലേറ്റഡ് ഡിപ്രിയിസേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല

### 1-10-14 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-10-15 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി

രേഖപ്പെടുത്തിയിരിക്കുന്നത് 3017239 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9112992രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10-16 സിഎഫ്സി ഗ്രാന്റ് -ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ 31/3/22 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടിലെ 31/3/22 ലെ നീക്കിയിരിപ്പ് തുകയും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | |
|---|---|---|---|---|
| ശീർഷകം | ഇനം | തുക | ബാങ്ക് അക്കൗണ്ട് | തുക |
| 320200113 | Development Fund - Central Finance Commission Grant – Tied Fund | 2499007 | KGB (40277101057023) | 2748772 |

## 1-10-17 പാസ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പാസ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല

| ക്ര.ന | ബാങ്ക് | അക്കൗണ്ട് നമ്പർ | 31/3/2022 ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1. | 450210101-KGB SGRY | 1304 | 500 |
| 2. | 450210103-Arimbur Post Office | 830003 | 59917 |

ഇതിൽ പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന്റെ 31.12.2005 വരെയുള്ള പാസ്സ്ബുക്കാണ് ഹാജരാക്കിയിട്ടുള്ളത്.

## 1-10-18 റീകൺസീലിയേഷൻ പത്രികയിൽ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിന്റെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രികയിൽ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

| ബാങ്ക് അക്കൌണ്ട് നം | റീകൺസീലിയേഷൻ പത്രിക പ്രകാരം ബാങ്ക് ബുക്ക് നീക്കിയിരിപ്പ് | ബാങ്ക് ബുക്ക് നീക്കിയിരിപ്പ് | വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|
| KGB Plan 40277100102711 | 3035547 | 3751879 | 3751879 |

1-10-19 കാലാവധി കഴിഞ്ഞ ചെക്കുകൾ Liability In Respect Of Stale Cheque" - എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിക്കേണ്ടതാണ്.

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

TDCB Own A/c No.10746010755

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 32911 | 30.7.20 | 3800 |
| 32953 | 27.8.20 | 1500 |
| 32911 | 31.7.20 | 1200 |
| 36484 | 16.8.21 | 1000 |
| 36486 | 16.8.21 | 1000 |
| 36487 | 16.8.21 | 1000 |
| 36488 | 16.8.21 | 500 |
| 36494 | 16.8.21 | 1000 |

1-10-20 "Cheques Deposited But Not Credited":ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്തിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് റീകൺസീലിയേഷൻ പത്രിക യിൽ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| ബാങ്ക് അക്കൗണ്ട് | തുക |
|---|---|
| KGB MNREGA 40277100104139 | 763582 |
| TDCB Loan A/c No.80012821881 | 304042 |
| SBI Ac.no. 37247166531 | 31657 |
| STSB 799013100000094 | 1257400 |

1-10-21 "Directly Debited By Bank" എന്ന ഇനത്തിൽ 110000/- രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്ക് ൽ വന്ന ഡെബിറ്റ് തുകകൾ 31/3/2022 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രികയിൽ -ഈ തുക " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2021-22 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| ബാങ്ക് അക്കൗണ്ട് | തുക |
|---|---|

| | |
|---|---|
| KGB Plan 40277100102711 | 10000 |
| STSB 799013100000094 | 100000 |

### 1-10-22 "Directly Credited By Bank" എന്ന ഇനത്തിൽ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

"Directly Credited By Bank" എന്ന ഇനത്തിൽ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| ബാങ്ക് അക്കൗണ്ട് | തുക |
|---|---|
| TDCB Own A/c No.10746010755 | 1146 |
| KGB Plan 40277100102711 | 881036 |
| KGB MNREGA 40277100104139 | 430581 |
| TDCB Loan A/c No.80012821881 | 304042 |
| STSB 799013100000094 | 558000 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2021-22 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

### 1-10-23 Cash Or Cheque Withdrawl ആയി ഉൾപ്പെടുത്തി റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയത് -തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം KGB MNREGA (40277100104139 ) 333001 രൂപ Cash Or Cheque Withdrawl ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പരിശോധിക്കേണ്ടതാണ്.

### 1-10-24 വായ്പ രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

| | വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാന് ബാക്കിയുള്ള തുക |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 6746000 | 1628000 | 5118000 |
| വാർഷികകണക്ക് പ്രകാരം | 6746000 | *1266758 | 5479242 |
| | | | |

*ജി ഒ പ്രോജക്ട് പ്രകാരം തിരിച്ചടച്ച തുകകൾ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.
പ്രോജക്ട് 204 തിരിച്ചടച്ച തുക 229242
പ്രോജക്ട് 181 തിരിച്ചടച്ച തുക 29333
പ്രോജക്ട് 184 തിരിച്ചടച്ച തുക 102667
ആകെ --------------- 361242

### 1-10-25 Expenditure ശീർഷകത്തിൽ ചേർത്ത Prior Period Income- ചെലവ് തുകയിൽ

കണക്കാക്കിയിട്ടില്ല

Income And Expenditure Account ൽ Expenditure ശീർഷകത്തിൽ തൻ വർഷ ചെലവുകളോടൊപ്പം 190000000-Prior Period Income എന്ന ശീർഷകത്തിൽ 118493 രൂപ ചേർത്തിട്ടുണ്ട്. എന്നാൽ ആയത് ആകെ ചെലവ് തുകയിൽ കണക്കാക്കിയിട്ടില്ല

സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട് മേൽ പരാമർശിച്ച അപാകതകൾ IKM ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

1-10-26 തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(c)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 20544198 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കിയ കണക്കുകൾ പ്രകാരം ആകെ ചെലവ് 30268366 രൂപയാണ്. ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 9741287 രൂപയുടെ മൂലധനചെലവും ഉൾപ്പടുന്നു.

ആകെ ചെലവ് തുകയായ 30268366 ൽ നിന്നും ആസ്തികൾ നിർമിക്കുന്നതിനുള്ള 9741287 രൂപ കുറവ് ചെയ്ത് ബാക്കി റവന്യൂ ചെലവായ 20527079 രൂപയാണ് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(c)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും ആയി വരേണ്ടിയിരുന്നത്. എന്നാൽ 20544198 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല 9741287 രൂപയുടെ ആസ്തികൾ ബാലൻസ്ഷീറ്റിൽ രേഖപ്പെടുത്തിയതായും കാണുന്നില്ല. വാർഷികകണക്കുകൾ തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-10-27 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് പ്രതിമാസ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

2021-22ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻടി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 251412 | 31.3.22 | 42101176 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻടികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-10-28 Tour Travelling Allowance Advance -9000 രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ വാർഷിക കണക്കു പ്രകാരം Tour Travelling Allowance

Advance ഇനത്തിൽ 9000 രൂപ നീക്കിയിരിപ്പുണ്ട് ആയത് നാളിതുവരെ ക്രമീകരിച്ചിട്ടില്ല. അഡ്വാൻസ് തുക ക്രമീകരിക്കേണ്ടതും ക്രമീകരിക്കുമ്പോൾ ജി.ഒ(പി)419/2011ധനം തിയതി 4.10.2011 ലെ ഉത്തരവ് പാലിക്കേണ്ടതുമാണ്.

1-11 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും മറ്റു സംരംഭക പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കുമുള്ള ലൈസൻസില്ലാതെ പഞ്ചായത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

I. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ സ.ഉ(അ)നം.80/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ചട്ടം 10 ലെ പട്ടിക-II ൽ ഉത്പാദന -സേവന മേഖലകളിലുള്ള വ്യാപാര -വാണിജ്യ സംരംഭങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ മൂലധന നിക്ഷേപത്തിൻറെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ലൈസൻസ് ഫീസിനത്തിൽ ചുമത്താവുന്നതാണ്. മേൽ സർക്കാർ ഉത്തരവ് പ്രകാരം സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നിരക്ക് നിശ്ചയിച്ചിട്ടുള്ള ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്തിൽ ഇപ്രകാരം ഭരണസമിതി തീരുമാനം എടുത്തിട്ടില്ലെങ്കിൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദീകരിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232 ആം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. എന്നാൽ താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

1) ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിങ്ങ് കോംപ്ലക്സിലെ സാമ്പത്തിക വർഷം വാടകയ്ക്കു നൽകിയ 15 മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

2) 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.142 & 143 പ്രകാരം യഥാക്രമം സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. താഴെ ചേർത്തിരിക്കുന്ന ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

A)ഭദ്ര ഹൈടെക്ക് ലബോറട്ടറി

B)ഹൈജിയ മെഡിക്കൽ ലബോറട്ടറീസ്

C)തട്ടിൽ ഡെന്റൽ കെയർ

D)ഡോൺബോസ്കോ ലബോററ്ററി

E)ആപ്പിൾ ഡെന്റ് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക്

F)മദർ ആശുപത്രി

3) 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.139 പ്രകാരം കള്ള് ഷാപ്പുകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി അടച്ചിട്ടുള്ള താഴെ ചേർത്തിരിക്കുന്ന കള്ള് ഷാപ്പുകൾക്ക് FACTEOS ലൈസൻസ് അനുവദിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

A) വെളുത്തൂർ കള്ള് ഷാപ്പ്

B)കൈപ്പിള്ളി കള്ള് ഷാപ്പ്

C)കുന്നത്തങ്ങാടി കള്ള് ഷാപ്പ്

D)എറവ് ആറാംകല്ല് കള്ള് ഷാപ്പ്

4) 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ,മാവേലി സ്റ്റോർ എന്നിവയുടെ പ്രവർത്തനത്തിന് പഞ്ചായത്ത് നൽകുന്ന ലൈസൻസ് ആവശ്യമാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ ഷോപ്പുകൾക്ക് ലൈസൻസ് നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 10/13.02.2023)

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ചട്ടങ്ങൾ പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ വകുപ്പ് 270 ൽ (1) പ്രകാരം ഗ്രാമപഞ്ചായത്തിൽ മുൻകൂറായി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്ഥാപിക്കാൻ പാടുള്ളതല്ല മുൻകൂറായി രജിസ്റ്റർ ചെയ്യാതെയോ അല്ലെങ്കിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്തതിനുശേഷം പഞ്ചായത്ത് പരിധിയിൽ പാരാമെഡിക്കൽ സ്ഥാപനം/സ്വകാര്യ ആശുപത്രി പ്രവർത്തിക്കുന്ന കുറ്റസ്ഥാപനത്തിന്മേൽ കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ വകുപ്പ് 270 (എ) പ്രകാരവും പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും,പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ 1997 ലെ ചട്ടം 8 പ്രകാരവും അയ്യായിരം രൂപവരെ ആകാവുന്ന പിഴശിക്ഷയും, കുറ്റംതുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

1997ലെ കേരള പഞ്ചായത്ത് രാജ്(സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരംഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടില്ലാത്തതും ചട്ടം 5 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റേയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി പുതുക്കേണ്ടതുമാണ്.

2021-22 സാമ്പത്തികവർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്ററും, ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും രജിസ്ട്രേഷൻ പുതുക്കാതെയോ, രജിസ്ട്രേഷൻ എടുക്കാതെയോ പ്രവർത്തിക്കുന്നതായി കാണുന്നു.

A) DDRC SRLഡയഗണോസ്റ്റിക്ക് പ്രൈ.ലിമിറ്റഡ്

B) ലക്ഷ്മി ഹോമിയോപ്പതിക്ക് ക്ലിനിക്ക്

C) മെഡികെയർ ലാബ്

D) മദർ ആശുപത്രി

രജിസ്ട്രേഷൻ ഇല്ലാതെ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1) ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിങ്ങ് കോംപ്ലക്സിലെ 15 മുറികൾ സാമ്പത്തിക വർഷം വാടകയ്ക്കു നൽകിയിട്ടുണ്ട്. ടി മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവർത്തികൾ കരാറെടുത്ത് നടത്തിയ താഴെ ചേർത്തിരിക്കുന്ന അംഗീകൃത കരാറുകാരിൽ നിന്നും കരാർ മൂല്യത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| | |
|---|---|
| 1. | അനുരാഗ് പി പി |
| 2. | സുജിത്ത് കെ എസ് |
| 3. | ജോസ് പോൾ |
| 4. | പ്രസന്നൻ പി എസ് |
| 5. | വിൻസൺ വി പി |
| 6. | സി വി രാജേഷ് |
| 7. | ബിൻസൺ ജോസഫ് |
| 8. | ജിൽജോ സി ജോസ് |
| 9. | ഹരീഷ്കുമാർ |
| 10. | ഷാർജാസ് എ |
| 11. | സ്മിത വി ആർ |
| 12. | വിനോദ് പി |
| 13. | സന്തോഷ് സി വി |
| 14 | ഗോപിനാഥൻ കെ കെ |
| 15 | ഗിരീഷ് മച്ചിങ്ങൽ |
| 16 | തരുൺ ടി എസ് |

| | |
|---|---|
| 17 | നിതിൻ വി ആർ |
| 18 | പ്രവീൺ കെ പ്രേമൻ |
| 19 | എൻ സി റെജിൽ |
| 20 | എം ടി സെബാസ്റ്റ്യൻ |
| 21 | ഡേവീസ് പി പി |

3) താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

A) കെ എസ് എഫ് ഇ

B) സപ്ലൈകോ

C) ബി എസ് എൻ എൽ

D) എച്ച് ഡി എഫ് സി ബാങ്ക്

E) എറവ് മിൽക്ക് സൊസൈറ്റി

F) ഡി ഡി ആർ സി -എസ് ആർ എൽ

G) തൃശ്ശൂർ താലൂക്ക് ചെത്ത് തൊഴിലാളി കോ- ഓപ്പറേറ്റീവ് സൊസൈറ്റി
തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 9/13.02.23 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല)

## 1-14 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

ശ്രീ മെജോ ജോസഫ്, പൂപ്പാടി എന്നയാളുടെ വാർഡ് 7 മനക്കൊടി വില്ലേജ് സർവ്വേ നമ്പർ 125/P യിലുള്ള 587m2 പ്ലോട്ടിൽ 235m2 വിസ്തീർണ്ണമുള്ള റസിഡൻഷ്യൽ കെട്ടിടത്തിന് A3-BA(62070)2018 നമ്പറായി 13.03.2018 തിയതിയിൽ പെർമ്മിറ്റ് അനുവദിച്ചിട്ടുണ്ട്. കെട്ടിടത്തിനു നമ്പർ അനുവദിക്കുന്നതിനായി ടിയാൻ അപേക്ഷ സമർപ്പിച്ചതിൻ പ്രകാരം ലോഡ്ജ് ആവശ്യത്തിനായി 4 കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം ടി കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിനോട് ചേർന്ന് 8 മീ വീതിയുള്ള പഞ്ചായത്ത് റോഡ് കടന്നു പോകുന്നുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സർചാർജ്ജും ചട്ടങ്ങൾ, ചട്ടം6 പട്ടിക 2 കുറിപ്പ് 1 പ്രകാരം പ്രധാനപ്പെട്ട റോഡിൽ നിന്ന് കെട്ടിടത്തിലേയ്ക്ക് വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കാവുന്നതാണ്. ആയതിനാൽ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി യിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്കു ബാധകമായ 20% വർദ്ധനവ് ഉൾപ്പെടുത്തേണ്ടതായിരുന്നു. കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയ ഫോറം 6 പരിശോധിച്ചതിൽ റോഡിന്റെ തരം 1.5മീറ്ററിൽ കൂടുതൽ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ബിൽട്ട് അപ്പ് ഏരിയ | വസ്തു നികുതി നിരക്ക്(രൂപ) | അടിസ്ഥാന വസ്തുനികുതി | ഇളവ്(ദ്വിതീയ മേഖല-10%) | വാർഷിക വസ്തു നികുതി ഈടാക്കിയത്) | ഈടാക്കേണ്ടിയിരുന്നത് |
|---|---|---|---|---|---|---|
| 329A | 53 | 20 | 1060 | 106 | 1002(LC-48) | 1225(LC-59) |
| 329B | 53 | 20 | 1060 | 106 | 1002(LC-48) | 1225(LC-59) |
| 329C | 64.5 | 20 | 1290 | 129 | 1229 | 1490(LC-71) |
| 329D | 64.5 | 20 | 1290 | 129 | 1229 | 1490(LC-71) |

വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 27/16.02.23

## 1-15 റഗുലറൈസേഷനായി നൽകിയ അപേക്ഷകളിൽ തുടർനടപടി സ്വീകരിച്ചില്ല.

1) ഫയൽ നമ്പർ –SC2 – 383/25.1.22
തോണിപറമ്പിൽ മോഹനൻ മകൻ സച്ചിൻ&സിമി സച്ചിൻ,അരിമ്പൂർ

പഞ്ചായത്തിന്റെ വാർഡ് 16 ൽ എറവ് വില്ലേജ് സർവ്വേ നമ്പർ 250/1-2ൽ ഉൾപ്പെട്ട 405m2 വിസ്തീർണ്ണമുള്ള

പ്ലോട്ടിലുള്ള 407.69m2 റെസിഡൻഷ്യൽ കെട്ടിടത്തിന്റെ 229.93 M2 എക്സ്റ്റൻഷൻ ക്രമവത്കരിക്കുന്നതിനായി (Existing Residencial-15.42m2+ Existing Commercial-162.34m2+ Completed Residencial 229.93m2=407.69m2) സമർപ്പിച്ച അപേക്ഷയിൽ ന്യൂനതകൾ ഉള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ സൈറ്റ് പരിശോധിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ 400694/BRMC01/General/2022/383 നമ്പറിൽ 26.11.22 തീയതിയിൽ ന്യൂനത പരിഹരിച്ച് ഫയൽ പുനസമർപ്പിക്കുന്നതിന് അപേക്ഷകന് സെക്രട്ടറി കത്ത് നൽകിയെങ്കിലും നാളിതുവരെ ഫയൽ പുന സമർപ്പിച്ചിട്ടില്ല.

2) ഫയൽ നമ്പർ –SC2 – 783/16.2.22

ശ്രീ. ഫ്രാൻസിസ്,അൽഫോൺസ, കണ്ണനായ്ക്കൽ,മനക്കൊടി പി ഒ

ഗ്രാമപഞ്ചായത്തിന്റെ വാർഡ് 7 ൽ വെളുത്തൂർ വില്ലേജ് സർവ്വേ നമ്പർ 74/2-1 ൽ ഉൾപ്പെട്ട 607m2 വിസ്തീർണ്ണമുള്ള പ്ലോട്ടിൽ 181.96m2 ആകെ ബിൽട്ട് അപ്പ് എരിയയുള്ള വാസഗൃഹത്തിന്റെ 79.1m2 കമേഴ്സ്യൽ ഒക്കുപ്പൻസി ആക്കി മാറ്റം വരുത്തുന്നതിനാണ് മേൽ ഫയൽ നമ്പർ പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതു പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ ന്യൂനതകകൾ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 400694/BRRL01/General/2022/783 നമ്പറിൽ 5.03.22, 5.05.22 തീയതികളിലായി ന്യൂനത പരിഹരിച്ച് ഫയൽ പുനസമർപ്പിക്കുന്നതിന് അപേക്ഷകന് സെക്രട്ടറി കത്ത് നൽകിയെങ്കിലും നാളിതുവരെ ഫയൽ പുനർസമർപ്പിച്ചിട്ടില്ല.

3) ഫയൽ നമ്പർ –SC2 – 1572/22/22.3.22

ഇക്കലംകുണ്ട് രാമൻകുട്ടി ഭാര്യ സിന്ധു

ഗ്രാമപഞ്ചായത്തിന്റെ വാർഡ് 3ൽ പരക്കാട് വില്ലേജ് സർവ്വേ നമ്പർ225/PT-68,225/PT-67 എന്നിവയിൽ ഉൾപ്പെട്ട 125m2 വിസ്തീർണ്ണമുള്ള പ്ലോട്ടിൽ 119.61m2 ബിൽട്ട് അപ്പ് എരിയയുള്ള പണിപൂർത്തീകരിച്ച വാസഗൃഹം ക്രവത്കരിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ സൈറ്റ് പരിശോധിച്ച് അപാകത റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അപാകത പരിഹരിച്ച് അപേക്ഷ പുനർ സമർപ്പിക്കുന്നതിന് 23.04.22 തിയതിയിൽ 400694/BRRL01/General/2022/1572 നമ്പറായി അപേക്ഷകയ്ക്ക് കത്ത് നൽകിയെങ്കിലും നാളിതുവരെ ഫയൽ പുനർസമർപ്പിച്ചിട്ടില്ല.

പണി പൂർത്തീകരിച്ച പ്രസ്തുത കെട്ടിടം ക്രമവൽക്കരിക്കാത്ത പക്ഷം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 AA വകുപ്പ് പ്രകാരം തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 26/16.02.23)

## 1-16 ഷോപ്പിങ്ങ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന സപ്ലൈകോ മാവേലി സ്റ്റോർ പുതുക്കിയ നിരക്കിൽ വാടക അടവാക്കുകയോ കരാർ വയ്ക്കുകയോ ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിങ്ങ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന( കെട്ടിട നമ്പർ XVI/322)സപ്ലൈകോ മാവേലിസ്റ്റോർ, 8/3/2018 പ്രാബല്യത്തിൽ പഞ്ചായത്തുമായി കരാർ വച്ചതിൽ കരാർ വ്യവസ്ഥ A പ്രകാരം മൂന്ന വർഷത്തിൽ ഒരിക്കൽ 15% വാടക വർദ്ധിപ്പിക്കുന്നതിന് സമ്മതിച്ചിട്ടുള്ളതാണ്. എന്നാൽ 21-22 വാടക രജിസ്റ്റർ പ്രകാരം പഴയ നിരക്കായ 1551 രൂപ തന്നെയാണ് ഈടാക്കിയതായി കാണുന്നത്. 14/11/22 തിയതിയിലെ നമ്പർ JC4-322/2018 പ്രകാരം 1/4/21 പ്രാബല്യത്തോടെ മാസവാടക 1784 രൂപയും 18% സർവ്വീസ് ടാക്സും ഉൾപ്പെടെ അടവാക്കുന്നതാണ് എന്ന വ്യവസ്ഥയോടെ 200 രൂപയുടെ മുദ്ര പേപ്പറിൽ കരാർ തയ്യാറാക്കുന്നതിന് സെക്രട്ടറി സപ്ലൈകോ ഡിപ്പോ മാനേജർക്ക് കത്ത്നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതു വരെ സപ്ലൈകോ കരാർ വച്ചിട്ടില്ല. 2021 സാമ്പത്തിക വർഷം മുതൽ വർഷം തോറും 5% നിരക്കിൽ പുതുക്കിയ മാസ വാടകയും 18% സർവ്വീസ് ടാക്സും ഉൾപ്പടെ ഓരോ മാസവും 5ാം തിയതിക്കു മുമ്പായി അടവാക്കുമെന്ന വ്യവസ്ഥയോടെ സപ്ലൈകോയുമായി കരാർ വക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ് എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി നമ്പർ 3/9.02.2023) മറുപടി നൽകിയിട്ടുണ്ട്. 2021 ഏപ്രിൽ മുതലുള്ള വാടക കുടിശ്ശിക അടവാക്കാത്ത പക്ഷം ബൈലോ ഖണ്ഡിക 26 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ലൈഫ് ഭവന പദ്ധതി - 100000/-രൂപ അധിക വിഹിതം നൽകി

പ്രോജക്ട് - ലൈഫ് ഭവന പദ്ധതി (പട്ടികജാതി72/22,തൻവർഷം)

ലൈഫ് ഭവന പദ്ധതി (പട്ടികജാതി128/22,സ്പിൽ ഓവർ)

നിർവ്വഹണം - വി.ഇ.ഒ, അരിമ്പൂർ സർക്കിൾ

ലൈഫ് ഭവന പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് പഞ്ചായത്തിൽ നിന്നും അനുവദിക്കാവുന്ന തുക 400000/-രൂപയാണ്. എന്നാൽ നളിനി, പൊണാലി വീട്, അരിമ്പൂർ, വാർഡ് 11 എന്ന ഗുണഭോക്താവിന് 500000രൂപ2020-21, 2021-22 വർഷങ്ങളിലായി അനുവദിച്ചിട്ടുണ്ട് എന്ന് ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി.തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വർഷം | പ്രോജക്ട്നമ്പർ | ട്രഷറി ബിൽ നമ്പർ/തീയ്യതി /തുക | ഗുണഭോക്താവിന് നൽകിയ തുക | തുക നൽകിയ ബാങ്ക് അക്കൗണ്ട് |
|---|---|---|---|---|
| 2020-21 | 50/21 | 14/20-21 /11.02.21/ 160000 | 40000 | ടി.ഡി.സി.ബി- 10799397047 |
| 2021-22 | 72/21 | 8/21-22 /18.10.21/ 200000 | 100000 | " |
| " | " | 9/21-22 /17.11.21/ 100000 | 100000 | " |
| " | " | 10/21-22 /29.11.21/ 90000 | 50000 | " |
| " | " | 11/21-22 /23.12.21/ 210000 | 50000 | " |
| " | 128/22 | 7/21-22 /23.09.21/ 160000 | 160000 | " |
| ആകെ | | | 500000/- | |

ബിൽനമ്പർ 8/21-22പ്രകാരം നൽകിയ 100000/- രൂപ വ്യക്തിഗത ഗുണഭോക്തൃ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അധികം നൽകിയ 100000/-രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അധികം നൽകിയ 100000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.
(ഓഡിറ്റ് എൻക്വയറി6/10.02.23)

1-18 കന്നുകുട്ടി പരിപാലനം-കാലിതീറ്റ വാങ്ങാതെ ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും വിട്ടുപോകുന്നു

പ്രോജക്ട് - പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി(51/22)

നിർവ്വഹണം - വെറ്ററിനറി സർജൻ

ചെലവ് -300000(200000വികസനഫണ്ട് ജനറൽ+100000ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ട്രഷറി ബിൽ നമ്പർ 6/21-22/18.12.21 ,200000/-

ട്രഷറി Cheque No. - 4915272/01.01.22,100000/-

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിപ്രകാരം കന്നുകുട്ടികൾക്ക് കാലിതീറ്റ വിതരണം നടത്തുന്നതിനു വേണ്ടി സബ്സിഡി തുക മേൽ പ്രകാരം എസ്.എൽ .ബി യുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. 24ഗുണഭോക്തക്കൾക്ക് 12500/-രൂപ (സംസ്ഥാനവിഹിതം ഉൾപ്പെടെ)നിരക്കിലാണ് സബ്സിഡി നൽകിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം കാലിതീറ്റ വിതരണം നടത്തുന്നതിനുള്ള ചുമതല കുന്നത്തങ്ങാടി ക്ഷീര സഹകരണ സംഘത്തിനാണ് നൽകിയിട്ടുള്ളത്. സംഘത്തിന്റെ കാലിതീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ7/22 മുതൽ കാലിതീറ്റ വിതരണം ആരംഭിച്ചിട്ടുണ്ട്. 32 മാസത്തേയ്ക്കാണ് കാലിതീറ്റ വിതരണം നടത്തേണ്ടത്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ കാലിതീറ്റ വാങ്ങാതെ പദ്ധതിയിൽ നിന്നു വിട്ടുപോയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം | കാലിതീറ്റ വാങ്ങാതിരുന്ന കാലയളവ് |
|---|---|
| സൗമ്യരാജേഷ്,പൂക്കാട്ട് | 11/22 മുതൽ |
| സുമംഗല ചെത്തിക്കാട്ടിൽ | 12/22മുതൽ |
| അമ്പിളി വന്നേരി | 12/22മുതൽ |
| രാധ വി.കെ,വടക്കുട്ട് | ഇതുവരെ വാങ്ങിയിട്ടില്ല |

കാലിതീറ്റ വാങ്ങാതെ വിട്ടുപോയ ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്കു വിനിയോഗവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി 15/15.02.23)

## 1-19 പട്ടികജാതി വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് -ബ്ലോക്ക് പട്ടികജാതി ഓഫീസറിൽ നിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് - പട്ടികജാതി വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ്

നിർവ്വഹണം - അസി.സെക്രട്ടറി

എസ്.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി നടപ്പാക്കിയ പദ്ധതി പ്രകാരം തൻവർഷം 560000/-രൂപ(300000+260000) ചെലവഴിച്ചിട്ടുണ്ട്. ചുവടെ ചേർത്തപ്രകാരമുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയിരുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നം. 6/10/23). ആയതുവരെ ചെലവ് തുകയായ 60000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് | ഗുണഭോക്താവിന്റെ പേര് മേൽ വിലാസം | ട്രഷറി ബിൽനം./തീയ്യതി/ തുക | ഗുണഭോക്താവിന് നൽകിയ തുക/കോഴ്സ് | ഓഡിറ്റിന് ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|
| പട്ടികജാതി വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ്(92/22) | ശ്രീലേഖ സി.വി ചെറുപറമ്പിൽ വീട്,വാർഡ്13 | 20/21-22/24.3.22/ 20000 | 20000/Diploma In Ophthalmic Assistant,Govt.Medical College ,Thrissur | ബ്ലോക്ക് പട്ടകജാതി ഓഫീസറിൽ നിന്ന് ടിയാൾക്ക് ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം,ടിയാളുടെ പേര് വിവരം പഞ്ചായത്തിൽ തയ്യാറിക്കി സൂക്ഷിച്ചിട്ടുള്ള |

| | | | | |
|---|---|---|---|---|
| | | | | ഗുണഭോക്തൃ രജിസ്റ്ററിൽ ചേർത്തിട്ടില്ല |
| പട്ടികജാതി വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ്(92/22) | രേഷ്മ എം.ആർ D/o ശോഭന മങ്ങാട്ട് ഹൗസ് വാർഡ് 2 | 13/21-22/22.11.21/ 20000 | 20000,B.Ed College Of Teacher Education , Thottakkadu | ബ്ലോക്ക് പട്ടകജാതി ഓഫീസറിൽ നിന്ന് ടിയാൾക്ക് ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം |
| | അജ്ഞലി സുനിൽ വെളുത്തുവീട് മനക്കൊടി വാർഡ്-6 | 16/21-22/5.2.22/ 20000 | 20000,B.Com ശ്രീനാരായണ കോളേജ് നാട്ടിക | ബ്ലോക്ക് പട്ടകജാതി ഓഫീസറിൽ നിന്ന് ടിയാൾക്ക് ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം |

## 1-20 പൂർത്തീകരണ വിവരം / ആകെ 60000 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവിന് ആധാരമായ തുകയുടെ പൂർത്തീകരണ വിവരം /വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | ചെലവ് | വൗച്ചർ നമ്പർ/തീയതി |
|---|---|---|---|
| 1 | 1/22 ഐ കെ എം-ന് വിഹിതം നൽകൽ | 85000<br>4449 | 22101241/16.8.21<br>2122101255/16.9.21 |
| 2 | 2/22 – കാൻ തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ | 85000 | 22101369/27.12.21 |
| 3 | 116/22 അരിമ്പൂർ ഗ്രാമ പഞ്ചായത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 140000<br>200000 | 22101540/24.3.22<br>22101167/22.3.22 |

(ഓഡിറ്റ് എൻക്വയറി 12/13.2.23) മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

## 1-21 സൂപ്പർ വിഷൻ ചാർജ് അധികം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/ത.സ്വ.ഭ.വ. തി. 22.09.2015 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ധനകാര്യവകുപ്പിന്റെ (Industries & Public Works-B) 01.03.2019-ലെ സർക്കുലർ നം.18/2019/ഫിൻ ഖണ്ഡിക 6 പ്രകാരം എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുകയാണ് ഇത്തരം ആവശ്യങ്ങൾക്ക് പരിഗണിക്കേണ്ടത്. ഇപ്രകാരമല്ലാതെ ജി.എസ്.ടി കൂടി ഉൾപ്പെട്ടിട്ടുള്ള

എസ്റ്റിമേറ്റ് തുകയ്ക്ക് സൂപ്പർ വിഷൻ ചാർജ് നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം., പേര് | ചെലവ് തുക, വൗച്ചർ നം., തിയതി | നൽകിയ തുക | നൽകാവുന്നത് | അധികം നൽകിയത് |
|---|---|---|---|---|
| 159/22 കമ്മ്യൂണിറ്റി ഹാൾ കേടുവന്ന ഇലക്ട്രിക് ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കൽ | 199703/ 22101228/26.6.21 (മെയിന്റനൻസ് ഫണ്ട് നോൺറോഡ്) | 7681 | 6858 (171448x4%) | 823 |

ഓഡിറ്റ് എൻക്വയറിക്ക് 21/15.2.23 മറുപടിയായി തുക തിരികെ അടവാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-22 മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പാക്കിയ പദ്ധതികൾ-മരുന്ന് നാളിതു വരെ ലഭ്യമായിട്ടില്ല.

തൻവർഷം വിവിധ പദ്ധതികൾ പ്രകാരം മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് കേരളമെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് വേണ്ടി താഴെ പറയും പ്രകാരമുള്ള തുക കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം./പേര് | നല്കിയ തുക | ലഭിച്ച മരുന്നിന്റെ വിവരം | ബാക്കി ലഭിക്കുവാനുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 80/22, ജീവൻരക്ഷാ മരുന്ന് വാങ്ങൽ | 200000/- | 156556/- | 43444/- | PRF 4916/20.01.22 പ്രകാരം മരുന്ന് വാങ്ങുന്നതിന് നൽകിയത്. |
| 2 | 81/22,പെയിൻ &പാലിയേറ്റീവ് കെയർ പദ്ധതി | 325990/- | 285297/- | 40693/- | PRF4881/19.01.22 പ്രകാരം മരുന്ന് വാങ്ങുന്നതിന് നൽകിയത്. |
| 3 | 81/22,പെയിൻ &പാലിയേറ്റീവ് കെയർ പദ്ധതി (ബ്ലോക്ക് വിഹിതം) | 100000/- | 55216/ | 44784/ | PRF4885/19.01.22 പ്രകാരം മരുന്ന് വാങ്ങുന്നതിന് നൽകിയത്. |
| | | | | 128921 | |

മേൽ പ്രകാരം അഡ്വാൻസ് നൽകിയതിൽ ഇനിയും 128921/- രൂപയുടെ മരുന്ന്, ഉപകരണങ്ങൾ എന്നിവ ലഭിക്കുവാനുണ്ട്. ആയത് എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 10/8.02.23)

## 1-23 വനിതകൾക്ക് യോഗപരിശീലനം.-അപാകതകൾ

പ്രോജക്റ്റ് നം.84/22

വകയിരുത്തിയ തുക 75000/-

ചെലവ്

വൗച്ചർ നം.22101480/09.03.22-25000/-

വൗച്ചർ നം.22101481/11.03.22-29500/-

വൗച്ചർ നം.22101511/18.03.22-20500/-

തൻവർഷം മേൽ പദ്ധതി പ്രകാരം യോഗപരിശീലനം നടത്തുകയുണ്ടായി.മേൽ പദ്ധതി പരിശോധിച്ചതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

സർക്കാർ ഉത്തരവ് (കൈ)നം.22/2018/ത.സ്വ.ഭ.വ.തി.14.02.2018 ഖണ്ഡിക 7.5.5 പ്രകാരം പ്രതിമാസം യോഗപരിശീലനത്തിന് ട്രെയിനർക്ക് നലകാവുന്ന ഹോണറേറിയം പരമാവധി 12000/-രൂപയാണ്.എന്നാൽ 12500/- വീതം ഹോണറേറിയം നൽകിയിട്ടുണ്ട്.

ജനുവരി,ഫെബ്രുവരി മാസങ്ങളിൽ ട്രെയ്നിങ്ങ് നടത്തിയിട്ടുണ്ട്.4 മാസം 500/-രൂപ വീതം 2000/- രൂപ അധികം നൽകിയിട്ടുണ്ട്.
അധികം നൽകിയ തുക തിരികെ ഈടാക്കി അടവാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 4/109.2.23)

1-24 റോഡു പ്രവൃത്തികൾക്ക് 5% നു പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.

സ.ഉ. (എം.എസ്) 74 / 14 എൽ.എസ്.ജി.ഡി തി. 7-5-'14 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. മോർഡ് സ്പെസിഫിക്കേഷൻ-PRICE സോഫ്റ്റ് വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു വരുന്നത്.ഓവർഹെഡ് ചാർജ്ജ് അധികം നൽകുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 17/15.2.23)

1-25 തൻവർഷം എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം താഴെ പറയുന്ന പ്രവൃത്തികൾക്ക് എഗ്രിമെന്റ് വെച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | എഗ്രിമെന്റ് നമ്പർ/തുക |
|---|---|---|---|---|
| 1 | 193/22 | കോതകുളം സംരക്ഷണം 3-ാംഘട്ടം | അനുരാഗ്.പി.പി, | 56/AE/LSGD /AMPR/21-22 Dt.26.03.22-418217/- |
| 2 | 179/22 | കോതകുളം സംരക്ഷണം 2-ാംഘട്ടം | അനുരാഗ്.പി.പി | 55/AE/LSGD /AMPR/21-22 Dt.26.03.22 999025/- |

മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുകയോ അല്ലാത്ത പക്ഷം കരാറുകാരന്റെ ചെലവിൽ ടെന്റർ നടത്തുകയോ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 18/15.02.23)

1-26 കായൽ റോഡ് അവസാന ഭാഗം നിർമ്മാണം-ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ അധികം തുക കരാറുകാരന് നൽകി

പ്രോജക്റ്റ് നം.140/22

കരാറുകാരൻ-പ്രവീൺ.കെ.പ്രേമൻ

എം.ബുക്ക് നം.245/18-19
106/30.03.21-455000/
107/30.03.21-32582/-

22000531/30.03.21-107000/-

02/07.09.21-67223

ആകെ-661805.13

മേൽ പ്രവൃത്തി ടെന്റർ വിളിച്ചത് പ്രകാരം പ്രവീൺ.കെ പ്രേമന്റെ കരാർ 03.08.20 ലെ 20(2) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിക്കുകയുണ്ടായി. കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ അധികം തുക നൽകിയിട്ടുണ്ട്. വിശദവിവരം താളെ കൊടുക്കുന്നു.

| ക്രമ നം | ഇനം | ചെയ്ത പ്രവൃത്തിയുടെ അളവ് | നൽകിയ നിരക്ക് | നൽകിയ തുക | ക്വാട്ട് ചെയ്ത നിരക്ക് | നൽകേണ്ട തുക | അധികം |
|---|---|---|---|---|---|---|---|
| 1 | 1 | 5.4 | 928.23 | 5012.44 | 750 | 4050 | 962.44 |
| 2 | 2 | 61.500 | 401.08 | 24666.42 | 200 | 12300 | 12366.42 |
| 3 | 3 | 61.500 | 2031.57 | 124941.56 | 2000 | 123000 | 1941 |
| 4 | 4 | 92.250 | 2852.96 | 263185.56 | 2800 | 258300 | 4885.56 |
| 5 | 5 | 615 | 55.30 | 34009.5 | 55.300 | 34009.5 | 0 |
| 6 | 6 | 615 | 12.03 | 7398.45 | 12.03 | 7398.45 | 0 |
| 7 | 7 | 615 | 151.58 | 93221.70 | 151.5800 | 93221.70 | 0 |
| 8 | 8 | 615 | 60.10 | 36961.50 | 60.1000 | 36961.50 | 0 |
| 9 | 9 | 1 | 1500 | 1500 | 1500 | 1500 | 0 |
| | | | | 590897.13 | | 570741.15 | 20155.98 |
| | GST | 12% | | 70908 | | 68489 | 2419 |
| | | ആകെ | | 661805.13 | | 639229.65 | 22575 |

അധികം നൽകിയ 22575 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി അടവാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ 19/15.2.23

## 1-27 മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രവൃത്തികളിൽ നിന്ന് ലഭ്യമായ മണ്ണിന്റെ വിനിയോഗ വിവരം അളവുപുസ്തകങ്ങളിൽ ചേർത്തിട്ടില്ല.വിശദവിവരങ്ങൾ താഴെ ചേർക്കുന്ന

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ലഭ്യമായ ആകെ മണ്ണ് | അളവുപുസ്തകം നം./ പേജ്നം. മണ്ണ് -അളവ് |
|---|---|---|---|
| 1. | തച്ചംപ്പിള്ളി റോഡിന് ഐറിഷ് ഡ്രെയ്നേജ് – 201/22 | 23.21m3 | 62/21-22 ( പേജ് നം.10,ഇനം1) |
| 2. | തച്ചംപ്പിള്ളി റോഡിന് ഐറിഷ് ഡ്രെയ്നേജ് – നിർമാണം-സെക്കന്റ് റീച്ച്-210/22 | 15.689m3 | 70/21-22 ( പേജ് നം.2 ഇനം-1) |
| 3. | 10-ാം വാർഡ്ഡെങ്കിളിപ്പാടം കാന നിർമ്മാണം 2-ഘട്ടം-154/22 | 164m3 | 98/19-20 ( പേജ് നം.2-62m3 പേജ് നം.15-102m3) |

| | | | |
|---|---|---|---|
| 4 | നഗരസഞ്ചയ പ്രദേശംജലാശയങ്ങളുടെ സംരക്ഷണം,വില്ലചാൽ സംരക്ഷണം-156/22 | 169m3 | 248/20-21, ( പേജ് നം.4--61.8m3<br><br>പേജ് നം.18-54m3 പേജ് നം.13-16.15m3 ) പേജ് നം.19 -6.74m3 പേജ് നം.25 -54m3) |

മേൽ പ്രകാരം കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 23/15.02.23)

## 1-28 ആസ്തി രജിസ്റ്റർ കാലികമാക്കൽ-അപാകതകൾ

പ്രോജക്റ്റ് നം.147/22

ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന്റെ ഭാഗമായി 20-21 വർഷം സെന്റർ ഫോർ സോഷ്യൽ&റിസോഴ്സ് ഡവലപ്മെന്റ് ഏജൻസിയെ ഏൽപ്പിക്കുകയും 12/AE/LSGD/AMPR/20-21/26.06.20 പ്രകാരം എഗ്രിമെന്റ് വെക്കുകയും ചെയ്തു.മുൻവർഷം കരാർ തുകയുടെ 40%തുകയായ 80000/-രൂപ അഡ്വാൻസ് നൽകുകയും,പിന്നീട് തൻവർഷം 188245/-രൂപ സെന്റർ ഫോർ സോഷ്യൽ&റിസോഴ്സ് ഡവലപ്മെന്റ് ഏജൻസിക്ക് കൈമാറി.എന്നാൽ സ്ഥാപനം ഹാജരാക്കിയ 200000/-രൂപയുടെ ബിൽ പ്രകാരം 80000/രൂപ അഡ്വാൻസും,120000/-ബാലൻസ് തുക നൽകിയതായും കാണുന്നു.മേൽ പ്രോജക്റ്റ് പ്രകാരം 68245/- രൂപ 20-21 വർഷം കൈപ്പറ്റിയതായുള്ള രശീത് ഫയലിലുണ്ട്. എന്നാൽ തൻവർഷം ടി തുക കൂടി ഉൾപ്പെടുത്തി 188245/- രൂപ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്.

ടി തുക നൽകിയത് ഏതടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്.മാത്രമല്ല വാർഡ് അടിസ്ഥാനത്തിലുള്ള രജിസ്റ്റർ ഹാജരാക്കിയെങ്കിലും പൊതു ആസ്തികൾ ഡിജിറ്റലൈസ് ചെയ്തതിന്റെ വിശദാംശങ്ങൾ,സിഡി എന്നിവ ഹാജരാക്കിയിട്ടില്ല.എഗ്രിമെന്റിൽ പറഞ്ഞിട്ടുള്ള പ്രകാരം കടസ്ഥൽ ഭൂപടം,ജി.ഐ.എസ് മാപ്പിങ്ങ്,റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ പൂർത്തീകരിച്ചതിന്റെ വിവരം,68245/-രൂപ നൽകിയതിന്റെ ഉദ്ദേശ്യം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 22/15.02.23)

## 1-29 എൽ.എസ്.ജി.ഡി.ഓഫീസ് അടിസ്ഥാന സൗകര്യവികസനം-രണ്ടാംഘട്ടം

പ്രോജക്ട് നം. 164/22

എൽ.എസ്.ജി.ഡി. ഓഫീസ് അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കുന്നതിന് വേണ്ടി പ്രൊഫോർമ ഇൻവോയ്സ് നം. 1181/27.10.20 പ്രകാരം 94052/-രൂപ ആർട്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ആയതിന്റെ ഒറിജിനൽ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നമ്പർ 24/15.02.23)

## 1-30 ക്വാറി മക്ക് ഫില്ലിങ്-തൊഴിലുറപ്പപദ്ധതി, പ്രൈസ് സോഫ്റ്റവെയർ നിരക്കുകൾ തമ്മിൽ ഗണ്യമായ അന്തരം

1. മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന കരാറുകാരിൽ നിന്നും ജി.എസ്.ടി.ഈടാക്കുന്നില്ല.

2. ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയർ നിർവഹണം നടത്തുന്ന റോഡ് പ്രവൃത്തികളിൽ ഈ ഇനത്തിനുള്ള നിരക്ക് 891.01/M3 ആണെന്നിരിക്കെ തൊഴിലുറപ്പപദ്ധതിക്ക് ഈ ഇനത്തിന് 1263.26 നിരക്ക് നൽകിയിട്ടുണ്ട്. ത.സ്വ.ഭ.വ.സ്ഥാപനങ്ങളിൽ ഒരേ ഇനത്തിന് വ്യത്യസ്ത നിരക്കുകൾ നൽകുന്നത് വലിയ അപാകതയാണ്. ആയതിനാൽ ആ അപാകത പരിഹരിക്കാൻ ഇക്കാര്യം ചീഫ് എൻജിനീയറുടെ ശ്രദ്ധയിൽ

കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 25/15.02.23)

### 1-31 കമ്മ്യൂണിറ്റി ടോയ്ലറ്റ് ബ്ലോക്ക് നിർമ്മാണം -പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്റ്റ് നം. 123/22

അടങ്കൽ ധനകാര്യകമ്മീഷൻ ഗ്രാന്റ്-2293425

മറ്റുള്ളവ- 1000000

ആകെ 3293425

TS No.58963/21-22/18.11.21

Agreed PAC-2628762/-

കരാറുകാരൻ – കെ.കെ.ഗോപിനാഥൻ

എഗ്രിമെന്റ് നം.33/21-22/03.2.22

മേൽ പ്രവർത്തിയുടെ ഫസ്റ്റ് പാർട്ട് ബില്ലർ (21-22), സെക്കന്റ് പാർട്ട് ബില്ലർ (22-23) എന്നിവ (യഥാക്രമം1415290/-, 854903/-) പ്രകാരം 2270993/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ പണി പൂർത്തീകരിച്ച് ഫൈനൽ ബില്ലർ നൽകിയിട്ടില്ല. പണി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 28/16.02.23)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സൂപ്പർ വിഷൻ ചാർജ് അധികം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/ത.സ്വ.ഭ.വ. തി. 22.09.2015 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ധനകാര്യവകുപ്പിന്റെ (Industries & Public Works-B) 01.03.2019-ലെ സർക്കുലർ നം.18/2019/ഫിൻ ഖണ്ഡിക 6 പ്രകാരം എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുകയാണ് ഇത്തരം ആവശ്യങ്ങൾക്ക് പരിഗണിക്കേണ്ടത്. ഇപ്രകാരമല്ലാതെ ജി.എസ്.ടി കൂടി ഉൾപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് സൂപ്പർ വിഷൻ ചാർജ് നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നം., പേര് | ചെലവു തുക, വൗച്ചർ നം., തിയതി | നൽകിയ തുക | നൽകാവുന്നത് | അധികം നൽകിയത് |
|---|---|---|---|---|
| 159/22 കമ്മ്യൂണിറ്റി ഹാൾ കേട്ടുവന്ന ഇലക്ട്രിക് ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കൽ | 199703/ 22101228/26.6.21 (മെയിന്റനൻസ് ഫണ്ട് നോൺറോഡ്) | 7681 | 6858 (171448x4%) | 823 |

അധികം നൽകിയ തുക തിരികെ അടവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് 21/15.2.23 മറുപടിയായി തുക തിരികെ അടവാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-2 ലൈഫ് ഭവന പദ്ധതി - 100000/-രൂപ അധിക വിഹിതം നൽകി

പ്രോജക്ട് - ലൈഫ് ഭവന പദ്ധതി (പട്ടികജാതി72/22,തൻവർഷം)

ലൈഫ് ഭവന പദ്ധതി (പട്ടികജാതി128/22,സ്പിൽ ഓവർ)

നിർവ്വഹണം - വി.ഇ.ഒ, അരിമ്പൂർ സർക്കിൾ

ലൈഫ് ഭവന പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് പഞ്ചായത്തിൽ നിന്നും അനുവദിക്കാവുന്ന തുക 400000/-രൂപയാണ്. എന്നാൽ നളിനി, പൊണാലി വീട്, അരിമ്പൂർ, വാർഡ് 11 എന്ന ഗുണഭോക്താവിന് 500000രൂപ 2020-21, 2021-22 വർഷങ്ങളിലായി അനുവദിച്ചിട്ടുണ്ട് എന്ന് ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി. തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വർഷം | പ്രോജക്ട്നമ്പർ | ട്രഷറി ബിൽ നമ്പർ/തീയ്യതി /തുക | ഗുണഭോക്താവിന് നൽകിയ തുക | തുക നൽകിയ ബാങ്ക് അക്കൗണ്ട് |
|---|---|---|---|---|
| 2020-21 | 50/21 | 14/20-21 /11.02.21/ 160000 | 40000 | ടി.ഡി.സി.ബി-10799397047 |
| 2021-22 | 72/21 | 8/21-22 /18.10.21/ 200000 | 100000 | " |
| " | " | 9/21-22 /17.11.21/ 100000 | 100000 | " |
| " | " | 10/21-22 /29.11.21/ 90000 | 50000 | " |
| " | " | 11/21-22 /23.12.21/ 210000 | 50000 | " |
| " | 128/22 | 7/21-22 /23.09.21/ 160000 | 160000 | " |
| ആകെ | | | 500000/- | |

ബിൽനമ്പർ 8/21-22പ്രകാരം നൽകിയ 100000/- രൂപ വ്യക്തിഗത ഗുണഭോക്തൃ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അധികം നൽകിയ 100000/-രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അധികം നൽകിയ 100000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്.

(ഓഡിറ്റ് എൻക്വയറി6/10.02.23)

## 3-3 വനിതകൾക്ക് യോഗപരിശീലനം.പരിശീലകന് അധികതുകനൽകി.

പ്രോജക്റ്റ് നം.84/22

വകയിരുത്തിയ തുക 75000/-

ചെലവ്

വൗച്ചർ നം.22101480/09.03.22-25000/-

വൗച്ചർ നം.22101481/11.03.22-29500/-

വൗച്ചർ നം.22101511/18.03.22-20500/-

തൻവർഷം മേൽ പദ്ധതി പ്രകാരം യോഗപരിശീലനം നടത്തുകയുണ്ടായി. മേൽ പദ്ധതി പരിശോധിച്ചതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

സർക്കാർ ഉത്തരവ് (കൈ)നം.22/2018/ത.സ്വ.ഭ.വ.തി.14.02.2018 ഖണ്ഡിക 7.5.5 പ്രകാരം പ്രതിമാസം യോഗപരിശീലനത്തിന് പരിശീലകന് നല്കാവുന്ന ഹോണറേറിയം പരമാവധി 12000/-രൂപയാണ്. എന്നാൽ 12500/- വീതം ഹോണറേറിയം നൽകിയിട്ടുണ്ട്.

ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ട്രെയ്നിങ്ങ് നടത്തിയിട്ടുണ്ട്. 4 മാസം 500/-രൂപ വീതം 2000/- രൂപ അധികം നൽകിയിട്ടുണ്ട്.
അധികം നൽകിയ തുക തിരികെ ഈടാക്കി അടവാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 4/09.02.23)

## 3-4 കായൽ റോഡ് അവസാന ഭാഗം നിർമ്മാണം-ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ അധികം തുക കരാറുകാരന് നൽകി

പ്രോജക്റ്റ് നം.140/22

കരാറുകാരൻ-പ്രവീൺ.കെ.പ്രേമൻ

എം.ബുക്ക് നം.245/18-19
106/30.03.21-455000/
107/30.03.21-32582/-
22000531/30.03.21-107000/-
02/07.09.21-67223
ആകെ-661805.13
മേൽ പ്രവൃത്തി ടെന്റർ വിളിച്ചത് പ്രകാരം പ്രവീൺ.കെ പ്രേമന്റെ കരാർ 03.08.20 ലെ 20(2) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിക്കുകയുണ്ടായി. കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കാളധികം തുക നൽകിയിട്ടുണ്ട്. വിശദവിവരം താളെ കൊടുക്കുന്നു.

| ക്രമ നം | ഇനം | ചെയ്ത പ്രവൃത്തിയുടെ അളവ് | നൽകിയ നിരക്ക് | നൽകിയ തുക | ക്വാട്ട് ചെയ്ത നിരക്ക് | നൽകേണ്ട തുക | അധികം |
|---|---|---|---|---|---|---|---|
| 1 | 1 | 5.4 | 928.23 | 5012.44 | 750 | 4050 | 962.44 |
| 2 | 2 | 61.500 | 401.08 | 24666.42 | 200 | 12300 | 12366.42 |
| 3 | 3 | 61.500 | 2031.57 | 124941.56 | 2000 | 123000 | 1941.56 |
| 4 | 4 | 92.250 | 2852.96 | 263185.56 | 2800 | 258300 | 4885.56 |
| 5 | 5 | 615 | 55.30 | 34009.5 | 55.300 | 34009.5 | 0 |
| 6 | 6 | 615 | 12.03 | 7398.45 | 12.03 | 7398.45 | 0 |
| 7 | 7 | 615 | 151.58 | 93221.70 | 151.5800 | 93221.70 | 0 |
| 8 | 8 | 615 | 60.10 | 36961.50 | 60.1000 | 36961.50 | 0 |
| 9 | 9 | 1 | 1500 | 1500 | 1500 | 1500 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 590897.13 | | 570741.15 | 20155.98 |
| | GST | 12% | | 70908 | | 68489 | 2419 |
| | | ആകെ | | 661805.13 | | 639229.65 | 22575 |

അധികം നൽകിയ 22575 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി അടവാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 19/16.02.23

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ബ്ലോക്ക് പഞ്ചായത്ത് വിഹിതം

| പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ പേര് | വരവ് | ചെലവ് |
|---|---|---|---|
| 5 | ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകർക്ക് സബ്സിഡി | 100000 | 100000 |
| 20 | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി | 300000 | 0 |
| 22 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 300000 | 200000 |
| 51 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 100000 | 100000 |
| 72 | ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി) | 5000000 | 0 |
| 75 | ലൈഫ് ഭവന നിർമ്മാണം ജനറൽ | 8300667 | 0 |
| 78 | ലൈഫ് ഭൂമി വാങ്ങൽ | 9800000 | 200000 |
| 81 | പെയിൻ ആൻറ് പാലിയേറ്റീവ് കെയർ | 100000 | 100000 |
| 96 | ലൈഫ് മൂന്നാം ഘട്ടം ഭൂമി വാങ്ങൽ എസ് സി വിഭാഗം | 2000000 | 0 |
| 107 | നെൽ കൃഷിക്ക് കൂലിചെലവ് സബ്സിഡി | 500000 | 500000 |
| 121 | ജലാശയങ്ങളുടെ സംരക്ഷണം - അരിമ്പൂർ ഗ്രാമപഞ്ചായത്ത് വാർഡ് 16ലെ കോതകുളം സംരക്ഷണം | 1000000 | 0 |
| 127 | ലൈഫ് 3-ാം ഘട്ടം ഭൂമി വാങ്ങാൻ ധനസഹായം പട്ടികജാതി | 1800000 | 225000 |

| | | | |
|---|---|---|---|
| 128 | ലൈഫ് ഭവന നിർമ്മാണം-എസ് സി | 736039 | 560000 |
| 129 | ലൈഫ് പദ്ധതി - ഭൂമിയുള്ള ഭവനരഹിതർക്ക് വീട് - ജനറൽ | 210000 | 0 |
| 132 | ലൈഫ് ഭവന നിർമ്മാണം ജനറൽ | 1500000 | 0 |
| 153 | 136-ാം നമ്പർഅങ്കണവാടി നിർമ്മാണം രണ്ടാം ഘട്ടം | 800000 | 0 |
| 154 | 10-ാം വാർഡ് വെങ്കിളിപ്പാടം കാന നിർമ്മാണം രണ്ടാംഘട്ടം | 310147 | 285519 |

ജില്ലാപഞ്ചായത്ത് വിഹിതം

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | വരവ് | ചെലവ് |
|---|---|---|---|
| 5 | ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകർക്ക് സബ്സിഡി | 150000 | 150000 |
| 20 | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി | 800000 | 0 |
| 22 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 400000 | 400000 |
| 40 | ചലനവൈകല്യമുള്ളവർക്ക് മുച്ചക്രവാഹനം | 358000 | 307000 |
| 42 | ഭിന്നശേഷിയുള്ളവർക്ക് മെഡിക്കൽ ക്യാ മ്പ് നടത്തി ആവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്യൽ | 100000 | 0 |
| 63 | ജലസമൃദ്ധി - പൊതുകുളങ്ങളുടെ നവീകരണം | 1700000 | 0 |
| 72 | ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി) | 5000000 | 0 |
| 75 | ലൈഫ് ഭവന നിർമ്മാണം ജനറൽ | 8050000 | 280000 |
| 78 | ലൈഫ് ഭൂമി വാങ്ങൽ | 10000000 | 0 |
| 81 | പെയിൻ ആൻറ് പാലിയേറ്റീവ് കെയർ | 100000 | 0 |
| 96 | ലൈഫ് മൂന്നാം ഘട്ടം ഭൂമി വാങ്ങൽ എസ് സി വിഭാഗം | 2875000 | 0 |

| | | | |
|---|---|---|---|
| 107 | നെൽ കൃഷിക്ക് കൂലിചെലവ് സബ്സിഡി | 300000 | 300000 |
| 113 | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ - ഡിസിസി തയ്യാറാക്കലും മറ്റു അനുബന്ധപ്രവർത്തനങ്ങളും | 50000 | 45136 |
| 128 | ലൈഫ് ഭവന നിർമ്മാണം- എസ് സി | 3600000 | 900000 |
| 129 | ലൈഫ് പദ്ധതി - ഭൂമിയുള്ള ഭവനരഹിതർക്ക് വീട് - ജനറൽ | 141628 | 0 |
| 130 | ലൈഫ് 3-ാം ഘട്ടം ഭൂമി വാങ്ങാൻ ധനസഹായം ജനറൽ | 6800000 | 1200000 |
| 132 | ലൈഫ് ഭവന നിർമ്മാണം ജനറൽ | 3100000 | 352663 |
| 152 | ഹോമിയോഡിസ്പെൻസറി കെട്ടിട നിർമ്മാണം രണ്ടാം ഘട്ടം | 1000000 | 965120 |
| 166 | സുഭിക്ഷ കേരളം -ബയോഫ്ലോക്ക് മത്സ്യകൃഷി | 73600 | 73600 |
| 167 | സുഭിക്ഷ കേരളം - വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി | 82000 | 82000 |
| 192 | വാർഡ്-9 അംബേദ്കർ കുടിവെള്ള പദ്ധതി | 731265 | 0 |
| 208 | കിണർ റീ-ചാർജ്ജിംഗ് | 500000 | 0 |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| പ്രൊജക്ട് നമ്പർ | പ്രൊജക്റ്റിന്റെ പേര് | വരവ് | ചെലവ് |
|---|---|---|---|
| 19 | അരിമ്പൂർ ഗ്രാമ പഞ്ചായത്തിലെ ആവശ്യമുള്ള എല്ലാ വാർഡുകളിലേയും റോഡ് പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന വൈദ്യുത പോസ്റ്റുകൾ മാറ്റിസ്ഥാപിക്കൽ | 146728 | 129128 |
| 116 | അരിമ്പൂർ | 340000 | 340000 |

| | | | |
|---|---|---|---|
| | ഗ്രമപഞ്ചായത്ത്- കടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | |
| 118 | അരിമ്പൂർ ഗ്രമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരുവു വിളക്ക് വൈദ്യുതലൈൻ ദീർഘിപ്പിക്കൽ | 515070 | 515070 |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.(രജിസ്റ്റർ പ്രകാരം)

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | ലഭ്യമല്ല | 6746000 | 6746000 | 1628000 | - | 5118000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീതി നം./തീയതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

വിവരം ലഭ്യമല്ല.

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

വിവരം ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 95985315.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 92968076.00 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 125398/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 60000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപയിൽ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | --- | 823/- | ശ്രീ സത്യൻ ടി, സെക്രട്ടറി |
| 3-2 | -- | 100000/- | ശ്രീമതി.വോൾഗ.ജി.നായർ,വി.ഇ.ഒ,അരിമ്പൂർ |
| 3-3 | -- | 2000/- | ഡോ.ലിജ ജേക്കബ്,മെഡിക്കൽ ഓഫീസർ,ആയുർവ്വേദം |
| 3-4 | -- | 22575/ | ശ്രീ.വിൻസൻ.ടി.ടി.അസിസ്റ്റന്റ് എഞ്ചിനീയർ. |
| | | 125398/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 60000 | ശ്രീമതി. ഗീത വി. ആർ, അസി.സെക്രട്ടറി പാറളം |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സത്യൻ ടി,സെക്രട്ടറി | സെക്രട്ടറി പാറളം ഗ്രാമപഞ്ചായത്ത് | വെള്ളാണ്ടത്ത് ഹൗസ് പുല്ലഴി പിഒ 680012 തൃശ്ശൂർ |
| ശ്രീ. സി.പി. വിൻസൻ, അസിസ്റ്റന്റ് എഞ്ചിനീയർ. | അസി.എഞ്ചിനീയർ നെന്മണിക്കര ഗ്രാമപഞ്ചായത്ത് | ചക്കാലക്കൽ ഹൗസ്, നടത്തറ.പി.ഒ. തൃശ്ശൂർ |
| ശ്രീമതി.വോൾഗ.ജി.നായർ,വി.ഇ.ഒ,അരിമ്പൂർ | വി. ഇ. ഒ അരിമ്പൂർഗ്രാമപഞ്ചായത്ത് | കൊമ്പത്ത്ഹൗസ്, പുല്ലഴി.പി.ഒ. |

| | | |
|---|---|---|
| ഡോ.ലിജ ജേക്കബ്,മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | മെഡിക്കൽ ഓഫീസർ ആയുർവേദം അരിമ്പൂർഗ്രാമപഞ്ചായത്ത് | ഫ്ലാറ്റ് നം.E അസറ്റ് അപ്പാർട്ട്മെന്റ് പൂങ്കുന്നം .പി.ഒ. പിൻ-680012 തൃശ്ശൂർ |
| ശ്രീമതി. ഗീത വി. ആർ അസി.സെക്രട്ടറി | അസി.സെക്രട്ടറി പാറളം ഗ്രാമപഞ്ചായത്ത് | ജി4 അക്രോപോളിസ് അപ്പാർട്ട്മെന്റ് അയ്യന്തോൾ പി.ഒ 680003 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 2000-01, 2001-02 ജനകീയാസൂത്രണം | LFT 12-1724/03 Dtd.08.02.04/ 19.05.2000 | 2 | 4 | SCH |
| | | | | 7എ | SCH |
| | | | | 7ബി | SCH |
| 2 | 2002-03 | LFT 12-862/08 Dtd.23.07.09/ 29.09.09 | 1 | 3-16 | |
| 3 | 2003-04 | LFT 12-588/10 Dtd.04.05.11/ 13.10.11 | 2 | 3-2ബി | |
| | | | | 3-5 | |
| 4 | 2004-05 | LFT 12-589/10 Dtd.06.05.11/ 13.10.11 | 7 | 3-2 | |
| | | | | 3-3ബി | |
| | | | | 3-5എ,ബി | |
| | | | | 3-8 | |
| | | | | 3-9 | |
| | | | | 3-10 | |
| | | | | 3-13 | |
| 5 | 2005-06 | LFT 12-541/10 Dtd.28.09.11/ 18.10.11 | 7 | 3-2(5,6,7), 3-3, 3-5, 3-6, 3-10, 3-11, 3-12 | |
| 6 | 2006-07 | LFT 12-542/10 | 7 | 3-1, 3-2, 3-3, | |

| | | | | | |
|---|---|---|---|---|---|
| | | Dtd.28.9.11/4.11.11 | | 3-5, 3-8, 3-9,<br>3-10 | |
| 7 | 2007-08 | LFT P6-858/11<br>Dtd.21.11.11/<br>18.05.12 | 7 | 2-5എ, 2-5ബി, 3-1, 3-2,<br>3-5,<br>3-7, 3-9, 3-10 | |
| 8 | 2008-09 &<br>2009-10 & 2010-11 | LFT P2-2020/12<br>Dtd.08.03.13/<br>14.06.13 | 5 | 3-3, 3-6, 3-7,<br>3-8, 3-14 | |
| 9 | 2011-12 | LFT<br>P2-1097/2013<br>Dtd.08.11.13 | 2 | 3-4, 3-8 I A,b,c | |
| 10 | 2012-13 | LFT P2-560/14<br>Dtd.10.11.14/<br>12.01.15 | 4 | 3-2, 3-5(1),<br>3-7(2), 3-7(3), 3-12 | |
| 11 | 2013-14 | KSA-TSR-<br>P2-491/15<br>Dtd.30.03.16/<br>20.04.16 | 6 | 2-2(എ), 3-5,<br>3-6, 3-11, 3-13, 3-17(1),<br>3-17(3) | |
| 12 | 2014-15 | KSA-TSR-<br>P2-918/16<br>Dtd.12.06.16 | 3 | 2-2, 2-5, 2-6 | 2-5 CAR<br>2-6 CAR |
| 13 | 2015-16 | KSA-TSR-<br>P2-2202/16<br>Dtd.16.01.17/<br>31.01.17 | 1 | 3-8 | |
| 14 | 2016-17 | KSA-TSR-<br>P2-1308/17<br>Dtd.31.08.17 | 1 | 3-6 | |
| 15 | 2017-18 | KSA-TSR-<br>P2-712/2019<br>Dtd.06.06.19 | 13 | 2-1, 2-4, 2-5, 2-6, 3-1,<br>3-2,<br>3-4, 3-5, 3-6,<br>3-8(4), 3-9,<br>3-10, 3-12 | |
| 16 | 2018-19 | KSA-TSR-<br>P2-173/2020<br>Dtd.11.08.20 | 26 | 1-10,1-13,1-14,1-15,1-16,<br>1-17,1-18,1-19,1-20,1-21,<br>1-22,1-23,1-24,1-25,1-26<br>1-27,1-28,1-29,1-30,1-31,<br>1-32,1-33,1-34,3-1,3-2,<br>3-3 | |
| 17 | 2019-20 | KSA.TSR<br>( P1)516/2021 | 34 | 1-11,1-12,1-13,1-14,1-15,1-16,<br>1-17,1-18,1-19,1-20,1-21, | |

| | | | | | |
|---|---|---|---|---|---|
| | | Dtd.31.03.21 | | 1-22,1-23,1-24,1-25,1-26 1-27,1-28,1-29,1-30,1-31, 1-32,1-33,1-34,1-35,1-36, 1-37,1-38,1-39,1-40,1-41, 1-42,1-43,1-44 | |
| 18 | 2020-21 | KSA-TSR-P1-1150/2022 Dtd.27.07.22 | 35 | 1-10,1-11,1-12,1-13,1-14,1-15, 1-16,1-17,1-18,1-19,1-20, 1-21,1-22,1-23,1-24,1-25, 1-26,1-27,1-28,1-29,1-30, 1-31,1-32,1-33,1-34,1-35, 1-36,1-37,1-38,1-39,1-40, 1-41,1-42,1-43,1-44 | |
| | ആകെ | | 163 | | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്